പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1813

04/10/2011-ൽ മറുപടിക്ക്

## ക്ഷീര സാഗര പദ്ധതിയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എ. എ. അസീസ്
ശ്രീ.കോവൂർ കുഞ്ഞുമോൻ

(എ) 'ക്ഷീര സാഗര' എന്ന പേരിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള പദ്ധതി എവിടങ്ങളിലൊക്കെയാണ് പ്രവർത്തനം ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ഡോ. എം. കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

(എ) "ക്ഷീരസാഗരം" പദ്ധതി കുടുംബശ്രീ മുഖേന സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ട്. പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നം. | ജില്ല | പഞ്ചായത്ത് |
|---|---|---|
| 1. | തിരുവനന്തപുരം | കിളിമാനൂർ |
| | | ആര്യനാട് |
| 2. | കൊല്ലം | കരവാളൂർ |
| | | പടിഞ്ഞാറെകല്ലട |
| 3. | പത്തനംതിട്ട | വള്ളിക്കോട് |
| | | തൊട്ടപ്പുഴശ്ശേരി |
| | | ഏറത്ത് |
| 4. | ആലപ്പുഴ | തൃക്കുന്നപ്പുഴ |
| | | ഹരിപ്പാട് |
| 5. | കോട്ടയം | തിടനാട് |
| | | തലയാഴം |
| 6. | ഇടുക്കി | വാത്തിക്കുടി |
| | | പെരുവന്താനം |
| 7. | എറണാകുളം | കിഴക്കമ്പലം |
| | | എടക്കാട്ടുവയൽ |
| | | വടവുകോട് പുത്തൻകുരിശ്ശ് |
| 8. | തൃശൂർ | അടാട്ട് |
| | | പാണഞ്ചേരി |
| 9. | മലപ്പുറം | എടക്കര |
| | | മൂത്തേടം |
| 10. | പാലക്കാട് | അമ്പലപ്പാറ |
| | | കോട്ടോപ്പാടം |
| 11. | കോഴിക്കോട് | തലക്കുളത്തൂർ |
| | | പനങ്ങാട് |
| 12. | കണ്ണൂർ | പെരിങ്ങോം വയക്കര |
| | | ചിറ്റാരിപറമ്പ് |
| 13. | വയനാട് | അമ്പലവയൽ |
| | | മാനന്തവാടി |
| 14. | കാസർകോട് | തൃക്കരിപ്പൂർ |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രകൃതിദത്തമായ പാൽ മറ്റു പ്രിസർവേറ്റീവ്സ് ഒന്നും ചേർക്കാതെ നിശ്ചിത പ്രോട്ടോക്കോൾ പ്രകാരം ഉത്പാദിപ്പിക്കുന്നു. ഇത് ചില്ലുകുപ്പികളിലാക്കി ഏതു പശുവിന്റെ പാലാണ് എന്ന് വ്യക്തമായി തിരിച്ചറിയത്തക്ക രീതിയിൽ ശേഖരിച്ച് വീടുകളിൽ വിതരണം നടത്തുന്നതാണ് പ്രസ്തുത പദ്ധതി. |
| (സി) | ഓരോ യൂണിറ്റിനും അനുവദിക്കുന്ന സബ്സിഡി എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | "ക്ഷീരസാഗരം" പദ്ധതി ആർ.എം.ഇ. (ഗ്രാമീണ തൊഴിൽ സംരംഭം) പ്രകാരമാണ് നടപ്പിലാക്കുന്നത്. ആർ.എം.ഇയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഒരു യൂണിറ്റിന്റെ പ്രോജക്ട് തുകയുടെ 50% അല്ലെങ്കിൽ യൂണിറ്റിലെ ഓരോ അംഗത്തിനും 10,000 രൂപ വീതമോ ഇതിൽ ഏതാണോ കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. പരമാവധി ഒരു ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് നൽകുന്നത്. ഇതോടൊപ്പം ആവശ്യമായ വൈദഗ്ധ്യ പരിശീലനവും നൽകി വരുന്നുണ്ട്. ഇതിനു വേണ്ടിയുള്ള ചെലവുകൾ കുടുംബശ്രീ ഫണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ